DESPATCHED On.13/2/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP.871*(2)/2020*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ 5678/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**

**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അനൂപ്. വി,
പി.ബി. നമ്പർ 1,
ആലംകോട്,
തിരുവനന്തപുരം. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (സി) സെക്ഷൻ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം – 23.

2. അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, പത്മവിലാസം റോഡ്, കിഴക്കേകോട്ട, തിരുവനന്തപുരം – 23.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/01/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/02/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12/03/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/05/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 02/06/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03/06/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 20/12/2022<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അനൂപ്. വി 02/06/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 03/06/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 871(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 20/01/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്:

1. 2019-2020-ലെ സ്കൂൾ കലോത്സവം തിരുവനന്തപുരം ജില്ലയിലെ ഭരതനാട്യം (എച്ച്.എസ്. വിഭാഗം) ഗേൾസ് മത്സരത്തിന്റെ വിധികർത്താക്കൾ നൽകിയ സ്കോർഷീറ്റ്, റീമാർക്ക് ഷീറ്റ് വിധികർത്താക്കളുടെ ബയോഡാറ്റ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. 2019-2020-ലെ കേരള സ്കൂൾ കലോത്സവം തിരുവനന്തപുരം ജില്ലയിലെ ഭരതനാട്യം (എച്ച്. എസ്. വിഭാഗം ഗേൾസ്) മത്സരത്തിന്റെ റ്റാബുലേഷൻ ഷീറ്റ് വിധികർ ത്താക്കളുടെ അഭിപ്രായക്കുറിപ്പ് സ്റ്റേജ് മാനേജറിന്റെ റിപ്പോർട്ട് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മറ്റുമായി 12 ഇനങ്ങളിലെ വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 24/02/2020-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 12/03/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 20/05/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 19/08/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, 2019-2020 അധ്യായന വർഷത്തെ റവന്യൂ ജില്ലാ കലോത്സവത്തിന്റെ വിവിധ മത്സരങ്ങളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങളും രേഖകളുടെ പകർപ്പുകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 23/01/2020-ൽ

വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും, ടി അപേക്ഷ സെക്ഷൻ ക്ലർക്ക് അവധിയിലായിരുന്നതിനാൽ സെക്ഷനിൽ ലഭിച്ചത് 31/01/2020-ലാണ്. ടി അപേക്ഷയിന്മേലുള്ള വിശദമായ മറുപടി 24/02/2020-ൽ ടിയാന് ടി ഓഫീസിൽ നിന്നും തപാൽമാർഗ്ഗം നൽകിയിട്ടുള്ളതും, ആയത് 26/02/2020-ൽ ടിയാന് ലഭിച്ചിട്ടുള്ളതുമാണെന്നും, തുടർന്ന് മറുപടി തൃപ്തികരമല്ലായെന്നും രേഖകളുടെ പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ 12/03/2020 പ്രകാരം ടി ഓഫീസിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും, അപ്പീൽ അപേക്ഷ വിശദമായി പരിശോധിച്ച് ആയതിനുള്ള മറുപടി 20/05/2020-ൽ പ്രകാരം അപേക്ഷകന് ടി ആഫീസിൽ നിന്നും തപാൽമാർഗ്ഗം അയച്ചുകൊടുത്തിട്ടുള്ളതാണെന്നും, സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിരുന്നതിനെ തുടർന്ന് ആഫീസ് അടഞ്ഞുകിടന്നതിനാലാണ് അപ്പീൽ അപേക്ഷയിന്മേലുള്ള മറുപടി നൽകാൻ വൈകിയത് എന്ന വിവരം അറിയിക്കുന്നുവെന്നുമാണ്. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിന്മേൽ നിയമപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ച് യഥാസമയം മറുപടി നൽകിയിട്ടുണ്ടെന്നും ചോദ്യം 11-ന് വിശദമായ മറുപടി നൽകിയിട്ടുള്ളതാണെന്നും, ചോദ്യം 13-ൽ വിശദമായ മറുപടി നൽകിയിട്ടുണ്ടെന്നും ചോദ്യം 13-ൽ പരാമർശിക്കുന്ന രേഖകൾ ടി ഓഫീസിലോ സബ് ഓഫീസുകളിലോ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടുള്ളവ അല്ലാത്തതിനാലാണ് രേഖകൾ ലഭ്യമല്ല എന്ന മറുപടി നൽകിയിട്ടുള്ളതും,ടി വിവരങ്ങൾ അപേക്ഷകനെ യഥാസമയം അറിയിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരൻ 20/01/2020-ന് കൊടുത്ത അപേക്ഷയ്ക്ക് 24/02/2020-നാണ് മറുപടി നൽകിയതെന്നും, നിയമം അനുശാസിക്കുന്ന 30 ദിവസ സമയപരിധി കഴിഞ്ഞുവെന്നും, ആയതിനാൽ വിവരാവകാശ നിയമം സെക്ഷൻ 7(6) പ്രകാരം സൗജന്യമായി ഹർജിക്കാരന് നൽകണമെന്നു നിർദ്ദേശിക്കുന്നു.

ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി രേഖകൾ സൗജന്യമായി ഒരാഴ്ച്ചക്കുള്ളിൽ നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV